## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5844.** 02.07.2019 ൽ മറുപടിയ്ക്ക്

## മദ്യനയത്തിലെ മാറ്റങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.സി.ജോസഫ് | | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | മുൻ സർക്കാരിന്റെ 2014-15 കാലയളവിലെ മദ്യനയത്തിൽ നിന്ന് വ്യത്യസ്തമായി ഈ സർക്കാർ മദ്യനയത്തിൽ കൊണ്ടുവന്ന മാറ്റങ്ങൾ എന്തൊക്കെയാണ്; | (എ) | സർക്കാരിന്റെ നിലവിലെ മദ്യനയത്തിൽ ത്രീ സ്റ്റാറും അതിന് മുകളിലും പദവിയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുവാനും, ബാറുകളുടെ പ്രവർത്തന സമയം കുറയ്ക്കുവാനും, മദ്യം ഉപയോഗിക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി 21 വയസ്സിൽ നിന്നും 23 വയസ്സായി ഉയർത്തുന്നതിനും, ബാർ ലൈസൻസ് ഫീസ് 23 ലക്ഷം രൂപയിൽ നിന്നും 28 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതിനും തീരുമാനമെടുത്ത് നടപ്പിൽ വരുത്തിയിട്ടുണ്ട്. കൂടാതെ സമ്പൂർണ്ണ മദ്യനിരോധനം പ്രായോഗികമല്ലായെന്ന വിവിധ പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ശക്തമായ ലഹരി വർജ്ജന ബോധവൽക്കരണ പ്രവർത്തനങ്ങളിലൂടെ ലഹരിയുടെ ആവശ്യകത കുറച്ചുകൊണ്ട് വരിക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" രൂപീകരിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ വ്യാപകമായി നടത്തി വരികയും ചെയ്യുന്നു. കള്ള് വ്യവസായവുമായി ബന്ധപ്പെട്ട് തൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരുടെ തൊഴിലും, ജീവിത സുരക്ഷിതത്വവും സംരക്ഷിക്കുവാനും പ്രസ്തുത മേഖലയിൽ നൂതന പദ്ധതികൾ ആവിഷ്കരിക്കുവാനും ലക്ഷ്യമിട്ട് ടോഡി ബോർഡ് രൂപീകരിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | ഈ സർക്കാർ നിലവിൽ വന്നശേഷം ടു സ്റ്റാർ പദവിയുള്ള എത്ര ഹോട്ടലുകൾക്ക് ത്രീ സ്റ്റാർ പദവി നേടിയതിന്റെ അടിസ്ഥാനത്തിൽ ബാർ ലൈസൻസ് നൽകിയിട്ടുണ്ട്; | (ബി) | 100 |
| (സി) | പതിനായിരത്തിൽ കൂടുതൽ ജനസംഖ്യയുള്ള പഞ്ചായത്തുകളെ നഗരമേഖലയായി കണക്കാക്കുവാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന പാതകൾ കടന്നുപോകുന്ന പഞ്ചായത്തുകളിൽ പൂട്ടിപ്പോയ ബാറുകൾ വീണ്ടും തുറക്കുന്നതിന് സാഹചര്യമുണ്ടായിട്ടുണ്ടോ; എങ്കിൽ ഇതിലൂടെ എത്ര ബാറുകൾ തുറന്നു; വ്യക്തമാക്കുമോ; | (സി) | ഉണ്ട്. പഞ്ചായത്ത് മേഖലയിലുള്ള പൂട്ടിപ്പോയ 4 ബാറുകൾ തുറന്നിട്ടുണ്ട്. |
| (ഡി) | വിനോദ സഞ്ചാരമേഖലകളിലെ പഞ്ചായത്തുകൾക്ക് ഇളവ് നൽകിയതിലൂടെ പൂട്ടിപ്പോയ എത്ര ബാറുകൾ വീണ്ടും തുറന്നുവെന്ന് അറിയിക്കാമോ? | (ഡി) | വിനോദ സഞ്ചാരമേഖലകളിലെ പഞ്ചായത്തുകൾക്ക് ഇളവ് നൽകിയതിലൂടെ പൂട്ടിപ്പോയ ബാറുകൾ വീണ്ടും തുറന്നിട്ടില്ല. |

**സെക്ഷൻ ഓഫീസർ**